I/284826/2024

ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: ew.pdlsgd@kerala.gov.in

കേരള സർക്കാർ

നമ്പർ:LSGD/PD/12002/2024-DB4 തീയതി: 15-05-2024

## സർക്കുലർ

വിഷയം: ത.സ്വ.ഭ.വ.-CMLRRP പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിക്കുന്നത് -- സംബന്ധിച്ച്

സൂചന:
1. 13.10.2023 ലെ സ.ഉ(കൈ)നം.182/2023/തസ്വഭവ
2. സർക്കാരിന്റെ 17.04.2024 ലെ PP2/57/2024-തസ്വഭവ നമ്പർ കത്ത്

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) ഉത്തരവ് പ്രകാരം CMLRRP പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ പ്രവൃത്തികളുടെയും നിർമ്മാണ കാലാവധി 31.03.2024 ൽ അവസാനിച്ച സാഹചര്യത്തിൽ നിലവിൽ കാലാവധി ദീർഘിപ്പിച്ചു നല്കേണ്ടുന്ന മുഴുവൻ പ്രവൃത്തികളുടെയും നിലവിലെ സ്ഥിതി, പ്രസ്തുത പ്രവൃത്തികൾ ദീർഘിപ്പിച്ചു നൽകേണ്ടുന്ന കാലാവധി / ആയതിനുള്ള കാരണം എന്നീ വിവരങ്ങൾ സഹിതം വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാരിൽ നിന്നും സൂചന (2) പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു. ആയതിനാൽ ടി വിവരങ്ങൾ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി പ്രോഫോർമ **P-1222** അടിയന്തിരമായി അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പ്രൊഫോർമയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിക്കേണ്ട സാഹചര്യം നിലവിലുണ്ടെങ്കിൽ ടി വിവരം ഉചിതമാർഗ്ഗേണ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

Signed by
Sandeep K G
Date: 15-05-2024 21:16:28

വിശ്വസ്തതയോടെ,
**Sandeep K G**
**CHIEF ENGINEER**